**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 637** **26-07-2021 - ൽ മറുപടിയ്ക്ക്**

**പി.ഡബ്ല്യു.ഡി. സബ് ഡിവിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വർഷങ്ങൾക്ക് മുൻപ് രൂപീകൃതമായ കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നീ താലൂക്കുകളിൽ പി.ഡബ്ല്യു.ഡി. സബ് ഡിവിഷനുകൾ (റോഡ്സ്, ബിൽഡിംഗ്സ് ഉൾപ്പെടെ) അനുവദിക്കാൻ വൈകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നീ താലൂക്കുകളിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ കാര്യാലയങ്ങൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ വെള്ളരിക്കുണ്ട് താലൂക്കിൽ കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, വൈദ്യുത വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം എന്നിവയും മഞ്ചേശ്വരം താലൂക്കിൽ കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവും രൂപീകരിക്കുന്നതിനുള്ള ശുപാർശ ലഭിച്ചിട്ടുണ്ട്. നിരത്ത് വിഭാഗത്തിന് പുതിയ കാര്യാലയങ്ങൾ രൂപീകരിക്കുന്നതിനുള്ള ശുപാർശ ലഭിച്ചിട്ടില്ല. പാലങ്ങൾ വിഭാഗത്തിന് സബ് ഡിവിഷൻ കാര്യാലയം രൂപീകരിക്കേണ്ടതില്ലെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുതിയ കാര്യാലയങ്ങൾ രൂപീകരിക്കുമ്പോൾ പുതുതായി തസ്തികകളും സൃഷ്ടിക്കേണ്ടതായി വരും. ശുപാർശ പരിശോധിച്ചതിൽ ചില അവ്യക്തതകൾ കാണുന്നതിനാൽ വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കാൻ ഭരണ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യക്തമായ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മഞ്ചേശ്വരം, വെള്ളരിക്കുണ്ട് താലൂക്കുകളിൽ പൊതുമരാമത്ത് കാര്യാലയങ്ങൾ രൂപീക- രിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | ഇവിടെ സബ് ഡിവിഷൻ ഓഫീസുകൾ എന്ന് അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നീ താലൂക്കുകളിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ കാര്യാലയങ്ങൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ വെള്ളരിക്കുണ്ട് താലൂക്കിൽ കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയറുടെ കാര്യാലയം, വൈദ്യുത വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം എന്നിവയും മഞ്ചേശ്വരം താലൂക്കിൽ കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവും രൂപീകരിക്കുന്നതിനുള്ള ശുപാർശ ലഭിച്ചിട്ടുണ്ട്. നിരത്ത് വിഭാഗത്തിന് പുതിയ കാര്യാലയങ്ങൾ രൂപീകരിക്കുന്നതിനുള്ള ശുപാർശ ലഭിച്ചിട്ടില്ല. പാലങ്ങൾ വിഭാഗത്തിന് സബ് ഡിവിഷൻ കാര്യാലയം രൂപീകരിക്കേണ്ടതില്ലെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുതിയ കാര്യാലയങ്ങൾ രൂപീകരിക്കുമ്പോൾ പുതുതായി തസ്തികകളും സൃഷ്ടിക്കേണ്ടതായി വരും. ശുപാർശ പരിശോധിച്ചതിൽ ചില അവ്യക്തതകൾ കാണുന്നതിനാൽ വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കാൻ ഭരണ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യക്തമായ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മഞ്ചേശ്വരം, വെള്ളരിക്കുണ്ട് താലൂക്കുകളിൽ പൊതുമരാമത്ത് കാര്യാലയങ്ങൾ രൂപീക- രിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ